# Bulletin

## Irinjalakuda Diocese

2023 NOVEMBER

Vol. 10 Issue : 11



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"

(മത്തായി 25 : 40)



"എന്റെ കർത്താവേ എന്റെ ദൈവമേ"

(യോഹന്നാൻ 20:28)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

-Lumen IDET INNOVATION IS INVENTION

## SAHṚDAYA-LUMEN ACADEMY
COMPETITIVE EXAM COACHING CENTRE

**Irinjalakuda, Thrissur, Kerala, Pin: 680 121**
**Web:www.sahrdayalumenacademy.com**
**Ph.: 8289847600, 7994148803**

**PSC / BANK / SSC / K-Tet / UPSC Coaching**

## SAHṚDAYA
COLLEGE OF ADVANCED STUDIES
EVER TO EXCEL

P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

### MBA @ SIMS Courses Offered:
Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

MY LORD, MY GOD

NOVEMBER - 2023

Vol.: 10   Issue: 11

# Bulletin
# Irinjalakuda Diocese

*Address:*
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

*Phone:*
0480 2826820
0480 2826830

*Website & E-mail:*
www.irinjalakudadiocese.com
ijkbph@gmail.com

*Subscription:*
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 04 |
| സർക്കുലർ - കെ.സി.ബി.സി. | 07 |
| ഡിക്രി | 11 |
| കച്ചേരി കാര്യങ്ങൾ | 14 |
| ആദരാഞ്ജലികൾ | 17 |
| സ്മരണാഞ്ജലി | 17 |
| മതബോധനം | 18 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 21 |
| അനുസ്മരണദിനങ്ങൾ | 22 |
| പാക്സ് | 22 |
| നവചൈതന്യ | 23 |
| സ്പിരിച്വാലിറ്റി സെന്റർ | 24 |
| കാത്തലിക് കപ്പിൾസ് മൂവ്മെന്റ് | 25 |
| ബ്ലസ് എ ഹോം | 26 |
| സോഷ്യൽ ആക്ഷൻ | 27 |
| സിൽച്ചർ മിഷൻ | 29 |
| ഇടയന്റെ ഇന്നലെകൾ | 34 |
| ഇടയന്റെ നാളെകൾ | 37 |






പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

നമ്മിൽനിന്നും മരണം മൂലം വേർപ്പെട്ടുപോയവരെ പ്രത്യേകമായി അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമ്മുടെ മരണത്തെക്കുറിച്ച് ഓർത്ത് നമ്മുടെ ജീവിതം സ്വർഗ്ഗോന്മുഖമായി ക്രമീകരിക്കുവാനും ഈ മാസം നമ്മെ സഹായിക്കട്ടെ. നമ്മുടെ വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതാണ് “നിത്യായുസ്സിൽ ഞാൻ വിശ്വസിക്കുന്നു” എന്നത്. മാമ്മോദീസയോടുകൂടി തുടങ്ങുന്ന ജീവനാണ് നിത്യജീവൻ. അത് മരണത്തിലൂടെ തുടരുന്നു; അതിന് അവസാനമുണ്ടായിരിക്കുകയില്ല. അതിനെയാണ് നാം നിത്യായുസ്സ് എന്ന് വിവക്ഷിക്കുന്നത്.

നാം സാധാരണ ഗതിയിൽ സ്നേഹിക്കുമ്പോൾപോലും ആ സ്നേഹാവസ്ഥ എന്നേയ്ക്കും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. “ദൈവം സ്നേഹമാകുന്നു” എന്ന് വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ലേഖനത്തിൽ നാം വായിക്കുന്നു (1 യോഹ. 4:16). “സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല” എന്ന് വിശുദ്ധ പൗലോസ് ശ്ലീഹ കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ പറയുന്നു. (1 കൊറി. 13:8). ദൈവം നിത്യനാണ്. അവിടന്ന് സ്നേഹമാണ്. സ്നേഹം ശാശ്വതമാണ്. നാം സ്നേഹത്തിലാണെങ്കിൽ നാം ദൈവത്തിന്റെ അവസാനമില്ലാത്ത സാന്നിധ്യത്തിലേക്ക് പ്രവേശിക്കും. സ്വർഗ്ഗം സ്നേഹത്തിന്റെ അവസാനിക്കാത്ത നിമിഷമാണ്. നമ്മുടെ ആത്മാവ് സ്നേഹിക്കുകയും ജീവിതകാലം മുഴുവൻ നാം അന്വേഷിക്കുകയും ചെയ്ത ദൈവത്തിൽ നിന്ന് യാതൊന്നും നമ്മെ വേർതിരിക്കുകയില്ല. എല്ലാ മാലാഖമാരോടും വിശുദ്ധരോടും കൂടെ ദൈവത്തിന്റെ സ്നേഹത്തിൽ ദൈവത്തോടൊപ്പം നമുക്ക് എന്നേയ്ക്കും സന്തോഷിക്കുവാൻ കഴിയും. അതാണ് സ്വർഗ്ഗം.


കത്തോലിക്കാസഭയുടെ യുവജനമതബോധന ഗ്രന്ഥത്തിൽ 162-ാ മത്തെ ഖണ്ഡികയിൽ ഇപ്രകാരം ഒരു ചോദ്യമുണ്ട്: "ദൈവം സ്നേഹ മാണെങ്കിൽ എങ്ങനെ നരകമുണ്ടായിരിക്കുവാൻ കഴിയും?" കത്തോ ലിക്കസഭയുടെ മതബോധന ഗ്രന്ഥം 1036-1037 ഉദ്ധരിച്ചുകൊണ്ട് ഇപ്ര കാരമാണ് ഉത്തരം നൽകുന്നത്. ദൈവം ആരെയും ശപിച്ചു തള്ളു ന്നില്ല. മനുഷ്യൻ തന്നെയാണ് ദൈവത്തിന്റെ കരുണാപൂർവ്വമായ സ്നേഹം നിരസിക്കുകയും ദൈവവുമായുള്ള ഐക്യത്തിൽനിന്ന് തന്നെത്തന്നെ ഒഴിവാക്കികൊണ്ട് പൂർണ്ണമനസ്സോടെ നിത്യായുസ്സ് അഥവാ നിത്യജീവൻ ഇല്ലാതാക്കുകയും ചെയ്യുന്നത്.

നരകമെന്നത് ദൈവത്തിൽനിന്നുള്ള ശാശ്വതമായ വേർപ്പെടലാണ്. സ്നേഹത്തിന്റെ തികഞ്ഞ അസാന്നിധ്യമാണ്. ഒരുവൻ ബോധപൂർവ്വം പൂർണ്ണമനസ്സോടെ, അനുതപിക്കാതെ, ഗൗരവമുള്ള പാപത്തിൽ മരി ക്കുകയും ദൈവത്തിന്റെ കരുണാപൂർണ്ണവും ക്ഷമാവഹവുമായ സ്നേഹത്തെ എന്നേയ്ക്കും നിരസിക്കുകയും ചെയ്യുമ്പോൾ അയാൾ ദൈവത്തോടും വിശുദ്ധരോടുമുള്ള ഐക്യത്തിൽനിന്ന് തന്നെത്തന്നെ ഒഴിവാക്കുന്നു. ആരെങ്കിലും ദൈവമാകുന്ന സമ്പൂർണ്ണ സ്നേഹത്തിന്റെ മുമ്പിൽ പൂർണ്ണമായും നിഷേധാത്മകമായ മനോഭാവം പ്രകടമാക്കുമോ എന്ന് നമുക്കറിഞ്ഞുകൂടാ. പക്ഷേ മനുഷ്യൻ സ്വതന്ത്രനാണ്. നമ്മുടെ സ്വാതന്ത്ര്യം നാം ദുരുപയോഗിച്ചാൽ ദൈവവുമായുള്ള നമ്മുടെ ഐക്യം അസാധ്യമാകുന്നു. അതായത് സ്നേഹത്തിൽനിന്ന് അവർ സ്വയം വിച്ഛേദിക്കപ്പെടുന്നു. അതാണ് നരകം.

എന്നാൽ ഒരു വ്യക്തി ദൈവസ്നേഹത്തിൽ മരിക്കുന്നുവെങ്കിൽ പോലും ദൈവത്തെ ദർശിക്കുവാൻ, അവിടത്തെ സ്നേഹത്തിൽ തുട രുവാൻ വിശുദ്ധീകരണം ആവശ്യമാണ്. അതിനാണ് ശുദ്ധീകരണ സ്ഥലം എന്ന് പറയുന്നത്. ജീവിതത്തിലെ സ്വാഭാവികമായും ഉണ്ടാ യിട്ടുള്ള ചെറിയ സ്നേഹനിഷേധങ്ങൾ അതിന് കാരണമാകുന്നു. ഉദാ ഹരണത്തിന് പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞപ്പോൾ കർത്താവ് പത്രോസിന്റെ നേരെ നോക്കി. അപ്പോൾ പത്രോസ് പുറത്തുപോയി കഠിന ദുഃഖത്തോടെ വിലപിച്ചു. അത് ശുദ്ധീകരണ സ്ഥലത്തായിരി ക്കുന്നതുപോലെയുള്ള ഒരു അനുഭവമാണ്. മിക്കവാറും അതുപോലുള്ള ഒരു ശുദ്ധീകരണം മരണനിമിഷത്തിൽ നമ്മെ കാത്തിരിക്കുന്നുണ്ടാ കും. സ്നേഹപൂർണ്ണതയോടെ കർത്താവ് നമ്മെ നോക്കുമ്പോൾ നാം ദഹിപ്പിക്കുന്ന ലജ്ജ അനുഭവിക്കും. അപ്പോൾ തിന്മ നിറഞ്ഞ, അല്ലെ

ങ്കിൽ കേവലം സ്നേഹരഹിതമായ നമ്മുടെ പെരുമാറ്റത്തെക്കുറിച്ച് വേദനാജനകമായ പശ്ചാത്താപമുണ്ടാകും. ഈ വിശുദ്ധീകരണ വേദനയ്ക്കുശേഷം മാത്രമേ പ്രശാന്തമായ സ്വർഗ്ഗീയ സന്തോഷത്തിൽ അവിടത്തെ സ്നേഹപൂർണ്ണമായ നിത്യജീവിതത്തിൽ നാം പങ്കുപറ്റുകയുള്ളു. ഇവിടെയാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് പ്രസക്തിയുള്ളത്. മരിച്ച് വിശുദ്ധീകരണാവസ്ഥയിലിരിക്കുന്നവരെ സഹായിക്കുവാൻ നമുക്ക് കഴിയും. ക്രിസ്തുവിൽ മാമ്മോദീസ സ്വീകരിക്കുന്നവരെല്ലാം ഒരു കൂട്ടായ്മ രൂപപ്പെടുത്തുന്നു. അവർ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. ഒരാൾ മരിച്ചു കഴിയുമ്പോൾ തനിക്കുവേണ്ടി ഒന്നും തന്നെ ചെയ്യുവാൻ അയാൾക്ക് കഴിയുകയില്ല. യോഗ്യത നേടുവാനുള്ള നല്ല കാലഘട്ടം ജീവിച്ചിരിക്കുമ്പോഴാണ്. മരണത്തോടെ ആ കാലഘട്ടം അവസാനിക്കുന്നു. എന്നാൽ മരിച്ച് ശുദ്ധീകരണാവസ്ഥയിലായിരിക്കുന്ന വിശ്വാസികൾക്കുവേണ്ടി നമ്മുടെ പ്രാർത്ഥനകൾ, സത്കർമ്മങ്ങൾ, വിശുദ്ധ കുർബാനയുടെ അർപ്പണം എന്നിവ ഫലം നൽകും. ഈ പ്രത്യാശയാണ് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

ഈ നവംബർ മാസം നമുക്ക് പ്രത്യേകമായി നമ്മിൽനിന്നും മരണംമൂലം വേർപ്പെട്ടുപോയവരെ ഓർക്കാം, പ്രാർത്ഥിക്കാം. അവരോടൊപ്പം ദൈവസ്നേഹത്തിൽ നിലനിന്ന് സഹോദരരെ സ്നേഹിച്ച് നിത്യായുസ്സിന് അർഹതനേടുവാൻ ഉതകുന്നവിധത്തിൽ ജീവിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.



ഇരിങ്ങാലക്കുട
25.10.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

## ഡിക്രി

വിവാഹവുമായി ബന്ധപ്പെട്ട് മേജർ ആർച്ച് ബിഷപ്പിന്റെ രണ്ട് സുപ്രധാന ഡിക്രികൾ ഈ ബുള്ളറ്റിന്റെ 11-13 വരെയുള്ള പേജുകളിൽ കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കണേ.

**മോൺ. ജോസ് മഞ്ഞളി**
വികാരി ജനറാൾ

No. 3964/K-5/KCBC/OL/DS 17.10.2023

# ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**പ്രിയമുള്ളവരേ,**

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണമാസമായും, ഈ വർഷം ഡിസംബർ 17 "ബൈബിൾ ഞായറായും" കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതു സിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022-2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായം അടിസ്ഥാനമാക്കി "ജീവന്റെ അപ്പം: വചനവും വിരുന്നും" (6, 27-69) എന്ന ആപ്തവാക്യം പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

I. യോഹന്നാൻ 6, 35 "ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല". യേശുവുമായുള്ള സമ്പർക്കത്തിന്റെ രണ്ട് തലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ "വരുക", "വിശ്വസിക്കുക" എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാഷണം വഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവിടത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കൊദേമോസും, (യോഹ 3) ദാഹാർത്തയായ സമരിയാക്കാരി സ്ത്രീയും (യോഹ 4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6, 51: "സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം

ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു". ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് "ജീവന്റെ അപ്പ"മെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് "ജീവന്റെ അപ്പം" എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും "ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?" (6, 60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത് (6, 66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III. **"കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6, 68.69).** തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6, 63). താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽ സൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. ദിവ്യകാരുണ്യകൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റേതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനനിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

ഒഴിഞ്ഞകുടവുമായി ജലംതേടിവന്ന സമരിയാക്കാരി സ്ത്രീ, യേശുവചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4,28.29) ഓടിയത് തന്റെ

ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ പൊരുൾ ആ സമരിയാക്കാരിയുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെ സന്തോഷം *EG. 120*).

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണ കാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയ നിയമ പഠന ബൈബിൾ 2021-ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ട

ത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മ യിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണ ക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഡിസംബർ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരു ക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണ മാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീ ഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷ കൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേ യുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥി ക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തി പകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീക രണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും "പ്രേഷിത ശിഷ്യരാകാനും" നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനു ഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

**NB:** 2023 നവംബർ 26-ാം തിയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ദൈവജനത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 1006/2023

# DECREE

## Particular Law on Betrothal and Publishing of Banns in Mixed Marriages Solemnized with Dispensation from Catholic Form of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

ii. Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non- Catholic party.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

The Syro-Malabar Major Archiepiscopal Curia

Cardinal George Alencherry
Major Archbishop of the Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

Prot. No. 1007/2023

# DECREE

## Particular Law on Civil Registration of Marriage for Obtaining Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 $1. approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

ii. The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

iii. The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

iv. Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local hierarch of the bridegroom cannot be accessed, then the local hierarch of the bride may be approached.

v. In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

vi. After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

vii. If at least one of the parties requests for betrothal and banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

viii. The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

ix. While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

The Syro-Malabar Major Archiepiscopal Curia

Cardinal George Alencherry
Major Archbishop of the Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor




**01. Appointments & Relievements**

**Rev. Fr. Seejo Irimpan:** Appointed as the Secretary of the Irinjalakuda Diocesan Educational Trust (IDET) w.e.f. 8th September 2023.

**Rev. Fr. Stern Kodiyan:** Appointed as the Member of the Irinjalakuda Diocesan Educational Trust (IDET) w.e.f. 8th September 2023.

**Rev. Fr. Sunny Punneliparambil CMI:** Relieved from the Chaplain Mar Thoma F.C.Convent Azhikode w.e.f. 5th October 2023.

**02. സകല വിശുദ്ധരുടെയും തിരുനാൾ – നവംബർ 01, ബുധൻ**

**03. സകല മരിച്ചവരുടെയും ഓർമ്മ – നവംബർ 02, വ്യാഴം**

മരണംമൂലം നമ്മിൽനിന്ന് വേർപിരിഞ്ഞുപോയ നമ്മുടെ പൂർവ്വികരെ ഓർത്ത് പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ ഈ ദിനം നമ്മെ പ്രചോദിപ്പിക്കട്ടെ.

**04. മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ 50–ാം ചരമവാർഷികദിനം (1973) – നവംബർ 06, തിങ്കൾ**

അവിഭക്ത തൃശൂർ അതിരൂപതയെ 1944 മുതൽ 1970 വരെ നയിച്ച അഭിവന്ദ്യ മാർ ആലപ്പാട്ട് ജോർജ്ജ് പിതാവിനെ ഈ ദിനത്തിൽ ഓർത്ത് പ്രാർത്ഥിക്കാം.

**05. വൈദിക വിശുദ്ധീകരണദിനം – നവംബർ 17, വെള്ളി**

നമ്മുടെ രൂപതയിലെ വൈദികരുടെ വിശുദ്ധീകരണദിനം നവംബർ 17–ാം തിയ്യതി വെള്ളിയാഴ്ച ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് വിശുദ്ധീകരണദിന ശുശ്രൂഷകൾ ആരംഭിക്കും. അന്നേദിവസം ഉച്ചകഴിഞ്ഞ് PWF ന്റെ ജനറൽബോഡി മീറ്റിങ്ങ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ വൈദികരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**06. ഹൊസൂർ രൂപതാസ്ഥാപനദിനം (2017) – നവംബർ 22, ബുധൻ**

ഹൊസൂർ രൂപതയെയും രൂപതാദ്ധ്യക്ഷനായ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതയിലെ എല്ലാ വൈദി

കരെയും സമർപ്പിതരെയും 6-ാം വാർഷിക ദിനമായ നവംബർ 22-ാം തിയ്യതി ബുധനാഴ്ച ഓർത്ത് പ്രാർത്ഥിക്കാം.

**07. മിശിഹായുടെ രാജത്വത്തിരുനാൾ - നവംബർ 26, ഞായർ**

രാജാധിരാജനായ യേശുക്രിസ്തുവിനെ നമ്മുടെ രാജാവും രക്ഷകനുമായി പ്രഖ്യാപിച്ചുകൊണ്ട് ആരാധനക്രമവർഷത്തിലെ അവസാന ഞായറിനോട് നമുക്ക് വിട ചൊല്ലാം.

**08. കൊടുങ്ങല്ലൂർ തീർത്ഥാടന പദയാത്ര - ഡിസംബർ 03, ഞായർ**

മാർതോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന കൊടുങ്ങല്ലൂർ തീർത്ഥാടന പദയാത്ര ഈ വർഷം ഡിസംബർ 03-ാം തിയ്യതിയായിരിക്കും. തീർത്ഥാടന പദയാത്രയിൽ പരിഹാരാരൂപിയിൽ പങ്ക് ചേരുവാൻ ബന്ധപ്പെട്ട ഏവരോടും അഭ്യർത്ഥിക്കുന്നു. മാർ തോമാശ്ലീഹ ഭാരതമണ്ണിൽ കാല് കുത്തിയതിന്റെ ഓർമ്മ ആചരിക്കുന്ന നവംബർ 21ന് തോമാശ്ലീഹായുടെ പ്രത്യേക മാദ്ധ്യസ്ഥം യാചിച്ച് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

**09. മംഗളവാർത്താക്കാലം - ഒന്നാം ഞായർ, ഡിസംബർ 03, ഞായർ**

ആരാധനക്രമവർഷത്തിൽ പുതിയ ഒരു കാലഘട്ടം ആരംഭിക്കുന്ന ദിനമാണ് ഡിസംബർ 03 ഞായർ. ക്രിസ്തുകേന്ദ്രീകൃതമായ സഭാജീവിതം നമ്മുടെ ആരാധനക്രമത്തിൽ (മംഗളവാർത്താക്കാലം മുതൽ പള്ളിക്കൂദാശക്കാലം വരെ) എപ്രകാരം വിളങ്ങിനിൽക്കുന്നുവെന്ന് ദൈവജനത്തെ ഉദ്ബോധിപ്പിക്കുന്നത് ഉചിതമായിരിക്കും.

**10. ഇരുപത്തിയഞ്ചുനോമ്പ് - വിവാഹാഘോഷങ്ങൾക്ക് മുടക്ക്**

2023 ഡിസംബർ 01 വെള്ളി മുതൽ ഇരുപത്തിയഞ്ച് നോമ്പ് ആരംഭിക്കുന്നു. അന്നുമുതൽ പിറവിതിരുനാൾ വരെ (ഡിസംബർ 25) വിവാഹാഘോഷങ്ങൾക്ക് മുടക്ക്.

**11. 2024 വർഷത്തിലെ പ്രധാന ദിനങ്ങൾ**

നോമ്പുകാലം ഒന്നാം ഞായർ - ഫെബ്രുവരി 11 ഞായർ,
വിഭൂതി തിങ്കൾ - ഫെബ്രുവരി 12, പാതിനോമ്പ് - മാർച്ച് 06,
ഓശാന ഞായർ - മാർച്ച് 24, പെസഹ വ്യാഴം - മാർച്ച് 28,
ദുഃഖവെള്ളി - മാർച്ച് 29, ഉയിർപ്പ് തിരുനാൾ - മാർച്ച് 31,
പുതുഞായർ - ഏപ്രിൽ 07, സ്വർഗ്ഗാരോഹണ തിരുനാൾ - മെയ് 09,
പന്തക്കുസ്ത തിരുനാൾ - മെയ് 19.

രൂപതാ കാര്യാലയം
20.10.2023

**മോൺ. ജോസ് മഞ്ഞളി**
വികാരി ജനറാൾ

## മാർതോമാ ശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളും കൊടുങ്ങല്ലൂർ മാർതോമാ തീർത്ഥാടനവും

**2023 ഡിസംബർ 03 ഞായർ**

സ്നേഹ ബഹുമാനപ്പെട്ട വികാരിയച്ചാ,

മാർതോമാ ശ്ലീഹായുടെ 1971-ാം ഭാരത പ്രവേശനതിരുനാളിനോടനുബന്ധിച്ചുള്ള **കൊടുങ്ങല്ലൂർ മാർതോമാ തീർത്ഥാടനം** ഈ വർഷം ഡിസംബർ 03-ാം തിയ്യതി ഞായറാഴ്ചയാണ് നടത്തപ്പെടുന്നത്. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കേണ്ട പ്രതിനിധികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു. പങ്കെടുക്കുന്ന തീർത്ഥാടകരുടെ എണ്ണം, നൽകപ്പെടുന്ന രജിസ്ട്രേഷൻ ഫോറത്തിൽ പൂരിപ്പിച്ച് നവംബർ 15ന് മുമ്പ് രൂപത ഭവനത്തിൽ എത്തിക്കേണ്ടതാണ്.

**തീർത്ഥാടനത്തിൽ പങ്കെടുക്കേണ്ടവർ**

1. കൈക്കാരന്മാർ
2. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
3. പ്രതിനിധിയോഗാംഗങ്ങൾ
4. കുടുംബസമ്മേളന ഭാരവാഹികൾ
   (**NB:** ഓരോ കുടുംബയൂണിറ്റിൽനിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ അല്ലെങ്കിൽ ഓരോ കുടുംബയൂണിറ്റിൽ നിന്നും 3 പേർ)
5. ഇടവക ഏകോപനസമിതി അംഗങ്ങൾ (ഏകോപന സമിതി ഇല്ലെങ്കിൽ ഇടവകയിലെ ഓരോ സംഘടനയുടെയും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) കൂടാതെ ഇടവകയിൽനിന്നുള്ള രൂപതാതല ഭാരവാഹികൾ.
6. മതബോധന +2 വിദ്യാർത്ഥികൾ (എല്ലാവരും), മതബോധന പ്രധാനാദ്ധ്യാപകൻ അല്ലെങ്കിൽ മതബോധന അദ്ധ്യാപക പ്രതിനിധി.
7. യുവജന (കെ.സി.വൈ.എം, സി.എൽ.സി., ജീസസ് യൂത്ത്), മാതൃവേദി സംഘടന അംഗങ്ങൾ
8. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർ, സന്യസ്തർ
9. വൈദിക - സന്യസ്ത പരിശീലനത്തിലുള്ളവർ

**തീർത്ഥാടന സമയക്രമീകരണം**

6.30 am : ഇരിങ്ങാലക്കുട, കത്തീഡ്രൽ അങ്കണത്തിൽ നിന്ന് ആരംഭിക്കുന്നു.
10.45 am : കൊടുങ്ങല്ലൂർ, സെന്റ് മേരീസ് സാന്തോം നഗറിൽ എത്തിചേരുന്നു.
11.00 am : ആഘോഷമായ വിശുദ്ധ കുർബാന
01.00 pm : ആത്മീയ കലാവിരുന്ന്, സ്നേഹ വിരുന്ന്

അഴീക്കോട്, മാർതോമാ തീർത്ഥകേന്ദ്രത്തിൽ ഉച്ചകഴിഞ്ഞ് 02 മണി മുതൽ തിരുശേഷിപ്പ് വന്ദനത്തിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഈ വർഷത്തെ മാർതോമാ തീർത്ഥാടനം അനുഗ്രഹപ്രദമാകാൻ ബഹു. വികാരിയച്ചന്മാർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**ഫാ. കിരൺ തട്ട്ല**
ജനറൽ കൺവീനർ

**മോൺ. ജോസ് മാളിയേക്കൽ**
ചെയർമാൻ

# ആദരാഞ്ജലികൾ...



## റവ. സി. റൂപ്പർട്ട് സി.എം.സി.

**മരണം: 26.09.2023**

ഇരിങ്ങാലക്കുട രൂപത കുഴിക്കാട്ടുശ്ശേരി ഇടവക കടമ്പാട്ടുപറമ്പിൽ ഇട്ടിമാത്തു-കുഞ്ഞിലക്കുട്ടി എന്നീ മാതാപിതാക്കളുടെ 11 മക്കളിൽ 8-ാമത്തെ സന്താനമായി സൂസൻ (സി. റൂപ്പർട്ട് സി.എം.സി.) 29.05.1931 ൽ ജനിച്ചു. കർമ്മലയിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ സൂസൻ 1954ൽ സന്യാസാർത്ഥിനിയായി മഠത്തിൽ പ്രവേശിച്ചു. 1956ൽ ആദ്യവ്രതാർപ്പണവും 1959ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2006ൽ തന്റെ വ്രതബദ്ധ ജീവിതത്തിന്റെ സുവർണ്ണജൂബിലിയും ആഘോഷിച്ചു. അദ്ധ്യാപനം തന്റെ പ്രേഷിത വൃത്തിയായി ഏറ്റെടുത്ത സി. റൂപ്പർട്ട് ചൂണ്ടൽ, പുതുക്കാട്, തൃശൂർ, കണ്ടംശാംകടവ്, എലിഞ്ഞിപ്ര, കാട്ടുങ്ങച്ചിറ, എൽ.എഫ്. ഇരിങ്ങാലക്കുട, ചെന്നൈ, പുല്ലൂർ, നസ്രത്ത് പുളിയിലകുന്ന്, പരിയാരം, സെന്റ് ജോസഫ് വൈന്തല എന്നിവിടങ്ങളിലാണ് തന്റെ നിസ്തുലമായ സേവനം കാഴ്ചവെച്ചത്. പുളിയിലകുന്ന് ചാവറ നികേതൻ മഠത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് തന്റെ 92-ാമത്തെ വയസ്സിൽ 2023 സെപ്റ്റംബർ 26-ാം തിയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. പോൾ വാലിക്കോടത്ത് | 16.11.1993 |
| റവ. ഫാ. ജിജോ വലിയവീട്ടിൽ | 07.11.1996 |
| റവ. ഫാ. തോമസ് വാഴപ്പിള്ളി | 08.11.1998 |
| റവ. ഫാ. തോമസ് താടിക്കാരൻ | 10.11.2012 |
| റവ. ഫാ. ജോർജ്ജ് പ്ലാശ്ശേരി | 13.11.2012 |
| റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ | 22.11.2017 |
| റവ. മോൺ. ജോസഫ് കവലക്കാട്ട് | 13.11.2019 |
| റവ. ഫാ. ജോസ് ഇരിമ്പൻ | 28.11.2019 |

1. **മതാദ്ധ്യാപകദിനം - നവംബർ 4**
വിശ്വാസ പരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 4-ാം തിയ്യതി തിരുസഭ ആഘോഷിക്കുന്നു. അന്നേ ദിവസമോ, നവംബർ 5 ഞായറാഴ്ചയോ എല്ലാ യൂണിറ്റുകളിലും മതാദ്ധ്യാപകദിനമായി ആഘോഷിക്കുകയും വിശ്വാസ പരിശീലകരെ ആദരിക്കുകയും ചെയ്യേണ്ടതാണ്.
2. **Std. X, XII വാർഷിക പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ**
വിദ്യാജ്യോതിയുടെ വെബ്സൈറ്റായ www.vidyajyotiijk.com ലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. കഴിഞ്ഞ വർഷം ഉപയോഗിച്ച യൂസർ നെയിം, പാസ്‌വേർഡ് തന്നെയാണ് ഈ വർഷത്തെ രജിസ്ട്രേഷന് ഉപയോഗിക്കേണ്ടത്.
❖ കുട്ടിയുടെ പേര്, മാമ്മോദീസാ പേര്, ജനനതിയ്യതി, മാമ്മോദീസാ തിയ്യതി, വീട്ടുപേര്, മാതാപിതാക്കളുടെ പേര്, എന്നിവയിൽ തെറ്റുവരാതെ കൃത്യമായി ചേർക്കേണ്ടതാണ്.
❖ രജിസ്ട്രേഷൻ നവംബർ 1 മുതൽ ആരംഭിച്ച് നവംബർ 30-ാം തിയ്യതി അവസാനിക്കുന്നതാണ്. നവംബർ 1 വരെയുള്ള ക്ലാസ്സുകളിൽ 80% ഹാജരും അർദ്ധവാർഷിക പരീക്ഷയിൽ 35% (ടെക്സ്റ്റ് ബുക്ക് - 12 മാർക്ക്, നിരന്തരമൂല്യനിർണയം - 6 മാർക്ക്) മാർക്കും ഉള്ളവരുടെ പേരുകളാണ് രജിസ്റ്റർ ചെയ്യേണ്ടത്.
❖ Online Registration ന്റെ ഒരു പ്രിന്റ് കോപ്പിയും, 30 രൂപ വീതം രജിസ്ട്രേഷൻ ഫീസും ഡിസംബർ 15-ാം തിയതിക്കുള്ളിൽ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ കൃത്യമായി ഏൽപ്പിക്കേണ്ടതാണ്.
❖ Specially Abled Children വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രജിസ്ട്രേഷൻ ഓഫീസിൽ നിന്നും തന്നിരിക്കുന്ന പ്രത്യേക ഫോമിൽ പൂരിപ്പിച്ച് ഡിസംബർ 15-ാം തിയ്യതിക്കുള്ളിൽ മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഇവരുടെ പേരുകൾ ഓൺലൈൻ രജിസ്ട്രേഷനിൽ ചേർക്കാൻ പാടില്ല.
3. **Drawing Workshop**
വിദ്യാർത്ഥികളുടെ നൈസർഗിക കഴിവുകളെ പ്രോൽസാഹിപ്പിക്കുകയും, വിശ്വാസപ്രചരണത്തിന് അവരെ ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്കായി വിദ്യാജ്യോതിയിൽവച്ച് നവംബർ 4 ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണി

വരെ നടത്തുന്ന Drawing Workshopൽ പങ്കെടുക്കുന്നതിനായി ഒരു മതബോധനയൂണിറ്റിൽ നിന്നും 2 കുട്ടികളെ പറഞ്ഞയക്കേണ്ടതാണ്.

4. **പ്രതിഭാസംഗമം**

2023 അധ്യയനവർഷത്തിൽ 12-ാം ക്ലാസ്സിൽ മതബോധനം നടത്തുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം ഡിസംബർ 27, 28, 29 തിയ്യതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്നു. കേരളത്തിലെ എല്ലാ രൂപതകളിലേയും മിടുക്കരായ മതബോധന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പ്രതിഭാസംഗമം സംഘടിപ്പിക്കുന്നത്. പ്രസ്തുത സംഗമത്തിലേക്ക് നമ്മുടെ രൂപതയിലെ നാല് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ് (2 Boys, 2 Girls). പ്രതിഭാസംഗമത്തിലേക്കുള്ള ആദ്യറൗണ്ട് മത്സരങ്ങൾ വിദ്യാജ്യോതിയിൽ വെച്ച് നവംബർ 25-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ നടത്തപ്പെടുന്നു. ക്വിസ്, പ്രസംഗം, ചർച്ചകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങളിലെ പങ്കാളിത്തം തുടങ്ങിയ വിവിധ മാനദണ്ഡങ്ങളിലൂടെ വിജയികളെ തിരഞ്ഞെടുക്കുന്നതാണ്. ഒരു ഇടവകയിൽ നിന്നും സമർത്ഥരായ ഒരു വിദ്യാർത്ഥിക്കും, ഒരു വിദ്യാർത്ഥിനിക്കും ആയിരിക്കും വിദ്യാജ്യോതിയിൽ നടത്തപ്പെടുന്ന ആദ്യറൗണ്ടിൽ പങ്കെടുക്കാൻ സാധിക്കുന്നത്.

5. **Salt N' Light**

12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഫൊറോന തലത്തിൽ നവംബർ, ഡിസംബർ മാസങ്ങളിലായി സൗകര്യപ്പെടുന്ന ഒരു ദിവസം നടത്തേണ്ട ഏകദിന സംഗമമാണ് 'Salt N' Light'. ക്രിസ്തുവിനെപ്പോലെ നമ്മൾ 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും' ആകേണ്ടവരാണെന്ന ബോധ്യം നൽകാനും ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിൽ ജീവിക്കാൻ പ്രാപ്തരാക്കുന്ന പരിശീലനമാണ് Salt N' Light. ഈ പ്രോഗ്രാമിന്റെ ക്രമീകരണങ്ങളും, തിയ്യതിയും ഫൊറോന കൗൺസിലിന് നിശ്ചയിക്കാവുന്നതാണ്.

6. **CET - 2024** (Catechism Examination for Teachers മതാദ്ധ്യാപക പരീക്ഷ) മതാദ്ധ്യാപക പരീക്ഷയ്ക്കുള്ള Handbook നവംബർ 5 മുതൽ വിദ്യാജ്യോതിയിൽനിന്നും ലഭിക്കുന്നതാണ്.

7. **നന്ദി**

❖ Std I മുതൽ XII-ാം ക്ലാസ്സുവരെയുള്ള എൻലൈറ്റ് ട്രെയിനിംഗ് ക്ലാസ്സുകളിലും, ടെക്കനിക്കൽ അസിസ്റ്റന്റ് മാരുടെ ക്ലാസ്സിലും പങ്കെടുത്ത എല്ലാ അധ്യാപകർക്കും, ഇവരെ ക്ലാസ്സുകളിലേക്ക് പറഞ്ഞ

യച്ച എല്ലാ വികാരിയച്ചൻമാർക്കും, വേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാ പ്രധാനദ്ധ്യാപകർക്കും, ഈ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ ആനിമേറ്റേഴ്സിനും, റിസോഴ്സ് ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി

❖ അർദ്ധവാർഷിക പരീക്ഷ വളരെ കൃത്യതയോടെ എല്ലാവരെയും ഒരുമിപ്പിച്ചുകൊണ്ട് നടത്തിയതിന് എല്ലാ വികാരിയച്ചന്മാർക്കും, പ്രധാനദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**ഫാ. ഡോ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

---




## 2023 NOVEMBER

### Birth Days

| | | | |
|---|---|---|---|
| **01** | Rev. Fr. Thekkumpuram Delby | **17** | Rev. Fr. Kuttikadan Jojo |
| | Rev. Fr. Vattoly Vineesh | **18** | Rev. Fr. Njarekadan Tinto |
| **02** | Rev. Fr. Payyappilly Gilson | **19** | Rev. Fr. Mandakath Joseph |
| **03** | Rev. Fr. Pereppadan Joy | **23** | Rev. Fr. Maliekal Sebastian |
| **04** | Rev. Fr. Manimalakunnel Lijo | | Rev. Fr. Manadan Johnson |
| **05** | Rev. Fr. Arikkatt Sebastian | **24** | Rev. Fr. Chalissery Vincent |
| | Rev. Fr. Pareman George | **27** | Rev. Fr. Edattukaran John |
| **06** | Rev. Fr. Cheradai Jomin | | Rev. Fr. Kallely Joshy |
| | Rev. Fr. Kavil Francis | | Rev. Fr. Karippai Anto |
| **07** | Rev. Fr. Chittilappilly Femin | | Rev. Fr. Panjikaran Raphael |
| | Rev. Fr. Thachil Anto | **29** | Rev. Fr. Alappatt Anto G. |
| **08** | Rev. Fr. Maliekal Davis | | Rev. Fr. Chittilappilly Ignatius |
| **12** | Rev. Fr. Pudussery Antony | | Rev. Fr. Vazhappilly Justin |
| **15** | Rev. Fr. Pengiparambil Vimal | | |

### Feast Days

| | |
|---|---|
| 30 Rev. Fr. Maliekal Andrews | |

## സെന്റ് പോൾസ് മൈനർ സെമിനാരി

1. **ഹോം ഡേ ആഘോഷങ്ങൾ ആരംഭിച്ചു:** ഒക്ടോബർ 1-ാം തിയ്യതി ഞായറാഴ്ച, 2023ലെ ഹോം ഡേ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. അന്നേദിവസം വൈകീട്ട് 9.00 മണിക്ക് ഹോം ഡേയുടെ ലോഗോ പ്രകാശനവും സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനവും റെക്ടർ ഫാ. ഡേവിസ് കിഴക്കുംതല നിർവ്വഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ കലാമത്സരങ്ങളും കായിക മത്സരങ്ങളും നടത്തി.
2. **പിതാവിന്റെ സന്ദർശനം:** അഭിവന്ദ്യ പിതാവ് ഒക്ടോബർ 2-ാം തിയ്യതി മൈനർ സെമിനാരി സന്ദർശിച്ചു. രാവിലെ വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.
3. **മാസധ്യാനം:** മൈനർ സെമിനാരി വിദ്യാർത്ഥികളുടെ ഒക്ടോബർ മാസത്തിലെ മാസധ്യാനം 12-ാം തിയ്യതി വ്യാഴാഴ്ചയായിരുന്നു. കരാഞ്ചിറ എഫ്. സി. സി. ഫോർമേഷൻ ഹൗസിലെ ആസ്പരന്റ് മിസ്ട്രസ്സ് റവ. സി. ഷെയ്ഫിയാണ് മാസധ്യാനചിന്തകൾ പങ്കുവച്ചത്.
